**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 57** **10/03/2015 –ൽ മറുപടിക്ക്**

**ജനനി ജന്മരക്ഷാ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.പി. സജീന്ദ്രൻ**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. കെ. ശിവദാസൻ നായർ** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>(ബഹു: പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| എ.<br>ജനനീ ജന്മരക്ഷാ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ? | എ.<br>ഉണ്ട്. |
| ബി.<br>പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്. വിശദമാക്കാമോ? | ബി.<br>കേരളത്തിലെ എ.പി.എൽ/ബി.പി.എൽ ഭേദമില്ലാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും അവരുടെ കുഞ്ഞുങ്ങളുടേയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയാണ് ജനനീ ജന്മരക്ഷ. ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾക്കും ശിശുക്കൾക്കും പോഷകാഹാരം ഉറപ്പാക്കുകയാണ് ലക്ഷ്യം. നവജാത ശിശുമരണം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതോടൊപ്പം മെച്ചപ്പെട്ട ആരോഗ്യസ്ഥിതിയുള്ള ശിശുക്കളെ സൃഷ്ടിക്കുന്നതിനും അവരെ പരിപാലിക്കുന്ന അമ്മമാർക്ക് |

| | |
|---|---|
| | ആവശ്യമായ ആരോഗ്യം ഉറപ്പുവരുത്തുകയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| സി<br>പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിന് എന്തെല്ലാം ധനസഹായങ്ങൾ നൽകാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ. | ഗർഭാവസ്ഥയുടെ 3-ാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരുവയസ്സ് തികയുംവരെ പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു. മണിയോർഡറായി നൽകിവരുന്ന ധനസഹായമാകയാൽ തുക ഗുണഭോക്താക്കളുടെ കൈയ്യിൽ നേരിട്ട് ലഭ്യമാകുന്നു. |
| ഡി<br>പദ്ധതിയുമായി ഏതെല്ലാം വകുപ്പുകളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കാമോ. | ആരോഗ്യവകുപ്പുമായി സഹകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസർമാർ മുഖേന ലഭ്യമാകുന്ന പട്ടികയിലുള്ളവർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് മുഖാന്തിരം മണിയോർഡറായി പട്ടികവർഗ്ഗ വികസന വകുപ്പ് തുക ഗുണഭോക്താക്കൾക്ക് നേരിട്ട് അയച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ